# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

**www.lfa.kerala.gov.in**

# നെല്ലായ ഗ്രാമപഞ്ചായത്ത്
**2014-15**

# ഓഡിറ്റ് റിപ്പോർട്ട്

**ജില്ലാ ഓഡിറ്റ് കാര്യാലയം**
**പാലക്കാട്**

**e-mail:auditlfdopkd@gmail.com**

(രജിസ്റ്റർ ചെയ്തു കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ എസ് എ -പി കെ ഡി16/1209/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തീയതി – 28.07.2016

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

നെല്ലായ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം: നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 14-15 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 1 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം **നെല്ലായ** ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1. കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, ഡയറക്ടർ, തിരുവനന്തപുരം(ഇ മെയിൽ മുഖേന)
2. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പാലക്കാട്
3. കാര്യാലയ പകർപ്പ്

നം.കെ എസ് എ -പി കെ ഡി16/1209/16 തീയതി -28.07.2016

## **പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തിലെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്**

(**1994** ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് **215(4)** , **1994** ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് **13, 1996**ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

പാലക്കാട് ജില്ലയിലെ നെല്ലായ ഗ്രാമപഞ്ചായത്തിന്റെ 2014-15 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികകൾ ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 11.07.2015 മുതൽ 08.07.2016 തിയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 15 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 4 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. മറുപടി പരിഗണിച്ച ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും, രേഖകളുടേയും, വിവരങ്ങളുടേയും, വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ ലോക്കൽ ഫണ്ട് ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### **(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം**

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. കെ.എൻ. വാസുദേവൻ<br>ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 11.07.2016 മുതൽ<br>15.07.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | സർവ്വശ്രീ. കെ.വി.അരവിന്ദാക്ഷൻ | ഓഡിറ്റ് ഓഫീസർ |
| | എ.ജി. കിഷോർ | അസി.ഓഡിറ്റ് ഓഫീസർ |
| | കെ.പി.രാമകൃഷ്ണൻ | സീ.ഗ്രേ.ഓഡിറ്റർ |
| | ശ്രീമതി.സി.എസ്.അനില | ഓഡിറ്റർ |

**(ബി)നിർവ്വഹണാധികാരികൾ**

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീമതി.കെ.പി. വസന്ത | 01.04.14 മുതൽ<br><br>31.03.15 വരെ |
| സെക്രട്ടറി | ശ്രീ.എസ്.സുബ്രഹ്മണ്യൻ | 01.04.14 മുതൽ<br><br>25.08.14വരെ |
| | ശ്രീ. എൻ പി രാജു | 26.08.14 മുതൽ<br><br>06.11.14 വരെ |
| | ശ്രീ.അരവിന്ദാക്ഷൻ.ടി | 07.11.14 മുതൽ<br><br>25.02.15 വരെ |
| | ശ്രീമതി. മിനി കെ | 04.03.15 മുതൽ<br><br>19.03.15വരെ |
| | ശ്രീമതി. ബിന്ദു വി | 20.03.15മുതൽ<br><br>31.03.15വരെ |
| നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീ. എൻ രാജാമണി | 01.04.14 മുതൽ |

| | | |
|---|---|---|
| | | 31.03.15 വരെ |
| കൃഷി ഓഫീസർ | ശ്രീ. വാസുദേവൻ കെ | 01.04.14 മുതൽ 31.03.15 വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ.സമീർബാബു.കെ.എം | 01.04.14 മുതൽ 31.03.15 വരെ |
| മെഡിക്കൽ ഓഫീസർ പി എച്ച് സി | ഡോ. ബവിത | 01.04.14 മുതൽ 31.03.15 വരെ |
| വെറ്ററിനറി സർജൻ | ഡോ. ജ്യോതിഷ് കുമാർ | 01.04.14 മുതൽ 31.03.15 വരെ |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | ശ്രീ.ജോൺ ബോസ്കോ | 01.04.14 മുതൽ 31.03.15 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി. എ.വി. മീര | 01.04.14 മുതൽ 31.03.15 വരെ |

# ഭാഗം -1

# പൊതു അവലോകനം


# പൊതു അവലോകനം

# 1 പൊതു അവലോകനം

## 1-1. ബജറ്റ്

2014-15വർഷത്തെ ബജറ്റ്/ പുതുക്കിയ ബജറ്റ് 24.02.16 തിയതിയിലെ 01-ാം തീരുമാന പ്രകാരം അംഗീകരിച്ചു. ബജറ്റ് സിംഗിൾ എൻട്രി സമ്പ്രദായത്തിലും വാർഷിക ധനകാര്യപത്രിക അക്രൂവൽ അടിസ്ഥാനത്തിൽ ഡബിൾ എൻട്രി സമ്പ്രദായത്തിലും തയ്യാറാക്കിയിട്ടുള്ളതിനാൽ ഇവ തമ്മിൽ താരതമ്യം ചെയ്യാൻ ഓഡിറ്റിന് കഴിഞ്ഞിട്ടില്ല.

## 1-2 വാർഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.15 | 31.07.15 | 29.09.15 | 30.10.15 |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|
| 2014-15 | KSA-PKD21/1369(11)/15/27.02.16 വിശേഷണങ്ങളോടുകൂടിയത് |

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് - 17785497

വരവ് - 86335102

ആകെ - 104120599

ചെലവ് - 66039776

നീക്കിയിരിപ്പ്- 38080823

**1-5 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | മുൻ ബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 353350 | 12895625 | 13248975 | 8895011 | 4353964 | 67.13 |
| വികസനഫണ്ട് എസ്.സി.പി. | 2513862 | 6812000 | 9325862 | 5205935 | 4119927 | 55.82 |
| വികസനഫണ്ട് ടി.എസ്.പി. | 0 | 0 | 0 | 0 | 0 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 3349 | 6800000 | 6803349 | 5621635 | 1181714 | 82.63 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 202307 | 2512000 | 2714307 | 1324134 | 1390173 | 48.78 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 1237804 | 7801629 | 9039433 | 2787468 | 6251965 | 30.83 |
| പെർഫോമൻസ് ഗ്രാന്റ് | 10266 | 3340000 | 3350266 | 10266 | 3340000 | .30 |

| | | | | | | |
|---|---|---|---|---|---|---|
| എ.എൻ.ആർ. ഇ.ജി.എസ്. | 2521 | 11379478 | 11381999 | 11379478 | 2521 | 99.97 |
| ബി ഫണ്ട് | 0 | 29146374 | 29146374 | 29146374 | 0 | 100 |

**1-6**<u>**പദ്ധതി അവലോകനം.**</u>

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 246 | 60905472 | 132 | 27273505 | 0 | 114 | 53.65 |

**1-7** <u>**തനത് വരുമാനം.**</u>

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2960164 | 3659337 | 699173 | 23.61 |
| നികുതിയേതര വരവുകൾ | 486832 | 622246 | 135414 | 27.81 |
| ആകെ | 3446996 | 4281583 | 834587 | 24.21 |

**1-8** <u>**ക്ഷേമപദ്ധതികൾ**</u>

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 105240 | 12 |
| കർഷകതൊഴിലാളി പെൻഷൻ | 3674274 | 510 |
| വിധവാപെൻഷൻ | 9959623 | 1174 |
| വാർദ്ധക്യകാല പെൻഷൻ | 9808905 | 1901 |
| വികലാംഗപെൻഷൻ | 4632663 | 504 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 681030 | 82 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 12.07.16-ന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6940രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 ആഭ്യന്തര നിയന്ത്രണം

കെട്ടിടനികുതി ഡിമാന്റ് രജിസ്റ്ററുകൾ കാലികമാക്കിയിട്ടില്ല. മറ്റു രജിസ്റ്ററുകൾ കൃത്യമാക്കി വെക്കാൻ പഞ്ചായത്ത് ശ്രദ്ധിച്ചിട്ടുണ്ട്. ഫ്രണ്ട് ഓഫീസിലൂടെയാണ് എല്ലാ അപേക്ഷകളും സ്വീകരിക്കുന്നത്. ലഭിക്കുന്ന അപേക്ഷകൾ സമയബന്ധിതമായി തീർപ്പാക്കുന്നുണ്ട്

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08.02.2016-09.02.16 | 12/2015-01/2016 | പിഎ3-3162/16/ 29.03.16 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 03.04.10-17.04.10 | 2005-06 - 2009-10 | എൽ ബി എ (എച്ച് ക്യു)-6/8എ |

# ഭാഗം -2

# വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാടക കുറവായി ഈടാക്കിയിരിക്കുന്നു

മുൻവർഷത്തെ തുകയിൽ 5% വർദ്ധനവ് വരുത്തിയാണ് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങൾ വാടകയ്ക്ക് കൊടുത്തുവരുന്നത്. എന്നാൽ 109-ാം നമ്പർ കെട്ടിടത്തിന് ഈ തീരുമാനം നടപ്പാക്കാത്തതിനാൽ വാടക കുറവായി ഈടാക്കിയിരിക്കുന്നു. 2012-13 സാമ്പത്തിക വർഷത്തിൽ

വാടകയിൽ 5% വർദ്ധനവ് വരുത്താത്തതിനാലാണ് തുടർ വർഷങ്ങളിൽ തുക കുറവായി ഈടാക്കിയിരിക്കുന്നത്. വിശദാംശം താഴെ ചേർക്കുന്നു.

| കൈവശ ക്കാരൻ | 2011-12 | | 2012-12 | | 2013-14 | | 2014-15 | | 2014-15 ൽ കുറവായി ഈടാ ക്കിയത് |
|---|---|---|---|---|---|---|---|---|---|
| | പ്രതിമാസം ഈടാ ക്കിയത് | ഈടാ ക്കേ ണ്ടത് | പ്രതിമാസം ഈടാ ക്കിയത് | ഈടാ ക്കേ ണ്ടത് | പ്രതിമാസം ഈടാ ക്കിയത് | ഈടാ ക്കേ ണ്ടത് | പ്രതിമാസം ഈടാ ക്കിയത് | പ്രതിമാസം ഈടാ ക്കേ ണ്ടത് | |
| എ.പി.ബാലകൃഷ്ണൻ അമ്പലപറമ്പിൽ ഹൗസ്, നെല്ലായ | 827 | 827 | 827 | 869 | 869 | 912 | 912 | 958 | 552 (46x12) |

വാടകയിനത്തിൽ തൻവർഷം കുറവായി ഈടാക്കിയ 552 രൂ കൈവശക്കാരനിൽ നിന്നും ഈടാക്കാത്തപക്ഷം ആയത് സെക്രട്ടറിയിൽ നിന്നും ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ അടവാക്കേണ്ടതാണ്. ഇത് സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് നൽകിയ മറുപടിയിൽ (നം. 10/14.07.16) കൈവശക്കാരനെ 15.07.16-ാം തിയതി രേഖാമൂലം വിവരം അറിയിച്ചിട്ടുണ്ടെന്നും അടുത്ത മാസത്തെ വാടകയോടൊപ്പം തുക ഈടാക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്.

## 2-2 തൊഴിൽനികുതി പിരിവിലെ അപാകതകൾ

1. അൻവറിയ അറബിക് കോളേജ്, ജയ് ഹിന്ദ് ഇംഗ്ലീഷ് മീഡിയം സ്ക്കുൾ എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2. പഞ്ചായത്തിൽ 2014-15 സാമ്പത്തിക വർഷങ്ങളിൽ പഞ്ചായത്ത് പരിധിയിൽ ജോലി ചെയ്തിരുന്ന അംഗീകൃത കരാറുകാർ, ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാർ എന്നിവരിൽ നിന്നും രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

3. സ്ഥാപന തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

| സ്ഥാപനം | 2014-15 |
|---|---|
| വിജയബാങ്ക് | I & II |
| നെല്ലായ അഗ്രികൾച്ചറൽ ഇംപ്രൂവ്മെന്റ് സൊസൈറ്റി | II |
| മാവേലി സ്റ്റോർ | I & II |
| വല്ലപ്പുഴ സർവീസ് കോപ്പറേറ്റിവ് ബാങ്ക്, പേങ്ങാട്ടിരി | I & II |
| വല്ലപ്പുഴ സർവീസ് കോപ്പറേറ്റിവ് ബാങ്ക്, നെല്ലായസിറ്റി | I & II |
| വല്ലപ്പുഴ സർവീസ് കോപ്പറേറ്റിവ് ബാങ്ക്, മാരായമംഗലം | I & II |
| കൊച്ചിൻ ഓഡിറ്റോറിയം | I & II |
| അൽ അമീൻ ഓഡിറ്റോറിയം | I & II |

ജീവനക്കാരുടെയും സ്ഥാപനങ്ങളുടെയും തൊഴിൽനികുതി റിട്ടേണുകൾ സ്ഥാപന മേധാവികളിൽ നിന്നും ലഭ്യമാക്കി വരുമാനത്തിന് അനുസൃതമായി തൊഴിൽനികുതി ഈടാക്കി രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നം. 3/12.07.16-ന് ബന്ധപ്പെട്ടവർക്ക് നോട്ടീസ് അയച്ച് നികുതി പിരിവിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ് എന്ന് മറുപടി നൽകിയിട്ടുണ്ട്.

## 2-3 കെട്ടിടനികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിച്ചു വരുന്ന താഴെപ്പറയുന്ന കെട്ടിടങ്ങളിൽ നിന്നും കെട്ടിടനികുതി ഈടാക്കിയിട്ടില്ല.

| സ്ഥാപനം | ഉടമസ്ഥന്റെ പേര്, മേൽവിലാസം | കെട്ടിട നം. |
|---|---|---|
| പൗൾട്രി ഫാം | ഗോപിനാഥൻ, കരിയാട്ടിൽ ഓട്ടുപാറക്കൽ, പൊമ്പിലായ | 15/575 |
| പൗൾട്രി ഫാം | അബ്ദുൾ മജീദ്, ചെട്ടിത്തൊടി (H), നെല്ലായ | 11/821 |
| കൊച്ചിൻ ഓഡിറ്റോറിയം | ലഭ്യമായില്ല | |
| അൽ അമീൻ ഓഡിറ്റോറിയം | ലഭ്യമായില്ല | |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.13/14.07.16) നൽകിയ മറുപടിയിൽ ക്രമനം 1,2 എന്നിവർ 2013-14 കെട്ടിട നികുതി അസസ്സ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല എന്നും നികുതി ഒടുക്കിയിട്ടില്ല എന്നും അറിയിച്ചിട്ടുണ്ട്. പത്തു വർഷത്തിലധികം പഴക്കമുള്ള കൊച്ചിൻ ഓഡിറ്റോറിയം, അൽ അമീൻ ഓഡിറ്റോറിയം എന്നിവക്ക് നാളിതുവരെ പെർമിറ്റോ കെട്ടിട നമ്പറോ അനുവദിച്ചിട്ടില്ല എന്നും ആയതിന് നിയമപരമായ നടപടികൾ സ്വീകരിക്കുന്നതാണ് എന്നും അറിയിച്ചിട്ടുണ്ട്. പഞ്ചായത്തിലെ വിവാഹ രജിസ്ട്രേഷൻ സംബന്ധിച്ച രേഖകൾ പരിശോധിച്ചതിൽ 31.01.2009, 04.01.2010

തിയതികളിൽ കൊച്ചിൻ ഓഡിറ്റോറിയത്തിൽ വെച്ചും 02.07.11,22.12.13 തിയതികളിൽ അൽ അമീൻ ഓഡിറ്റോറിയത്തിൽ വെച്ചും വിവാഹം നടന്നിട്ടുണ്ട്. പത്തു വർഷത്തിലധികം പഴക്കമുള്ള കെട്ടിടങ്ങളാണ് ഈ രണ്ടു ഓഡിറ്റോറിയങ്ങളും എന്ന് ഓഡിറ്റ് എൻക്വയറിയ്ക്കുള്ള മറുപടിയിൽ തന്നെ അറിയിച്ചിട്ടുണ്ട്. എന്നിട്ടും നാളിതുവരെയും പെർമിറ്റ് എടുക്കാതെ തന്നെ നിർമ്മിച്ച് ഓഡിറ്റോറിയമായി പ്രവർത്തിച്ചു വരുന്ന മേൽ കെട്ടിടങ്ങളുടെ ഉടമസ്ഥർക്കെതിരെ നടപടി എടുക്കാത്തത് ഗുരുതരമായ വീഴ്ചയാണ്. മേൽപ്പറഞ്ഞ ഫാമുകളുടെയും ഓഡിറ്റോറിയങ്ങളുടെയും കെട്ടിടനികുതി കുടിശ്ശികസഹിതം അടിയന്തിരമായി ഈടാക്കേണ്ടതാണ്. പഞ്ചായത്ത് പരിധിയിലുള്ള എല്ലാ കെട്ടിടങ്ങളും നികുതി നിർണ്ണയത്തിലുൾപ്പെട്ടിട്ടുണ്ട് എന്ന് ഉറപ്പുവരുത്തേണ്ടതും തനതുവരുമാനത്തിന്റെ പ്രധാന സ്രോതസ്സായ കെട്ടിടനികുതി വീഴ്ച കൂടാതെ പിരിച്ചെടുക്കേണ്ടതുമാണ്.

പഞ്ചായത്തിനു ലഭിക്കേണ്ട ഏതൊരു നികുതിയും ഡിമാന്റ് ചെയ്യാത്തിടത്തോളം മൂന്നു വർഷത്തിനു ശേഷം ഈടാക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയതിൻമേലുണ്ടാകുന്ന നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായിത്തീരുന്നതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വ്യക്തമായ കണക്കുകൾ സൂക്ഷിക്കുകയോ കെട്ടിടനികുതി ഈടാക്കുകയോ ചെയ്യുന്നില്ല

ഓഡിറ്റിന് ലഭ്യമാക്കിയ പെർമിറ്റ് രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ എ ടി സി ടെലകോം കോർപ്പറേഷന്റെ ഒരു മൊബൈൽ ടവറിന് 31.10.14-ാം തിയതി പെർമിറ്റ് നൽകിയിട്ടുണ്ട്. പഞ്ചായത്തുകളിൽ നിലവിലുള്ള മൊബൈൽ ടവ്വറുകളടെ എണ്ണം, അനധികൃതമായി പ്രവർത്തിക്കുന്ന ടവ്വറുകൾ, ആയത് നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ, ഈടാക്കിയ വസ്തുനികുതി എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം. 2/12.07.16-ന് നൽകിയ മറുപടിയിൽ 2014-15 സാമ്പത്തിക വർഷം ഒരു മൊബൈൽ ടവറിനും കെട്ടിട നമ്പർ നൽകിയിട്ടില്ല എന്നും വാർഡ് 2,9 -ൽ ബി എസ് എൻ എൽ- ന്റെ ഓരോ ടവറു വീതവും വാർഡ് 5,10,9,13,19 എന്നിവിടങ്ങളിൽ ഐഡിയയുടെ ഓരോ ടവറു വീതവും പ്രവർത്തിച്ചു വരുന്നുണ്ട് എന്നുമാണ്. എന്നാൽ ടവറുകൾക്ക് പെർമിറ്റ് നൽകിയത്, പണി പൂർത്തിയായത്, കെട്ടിടനികുതി ഈടാക്കിയത് എന്നിവയുടെ വിശദാംശങ്ങളൊന്നും തന്നെ ലഭ്യമായില്ല.

പഞ്ചായത്തിലുള്ള ടവറുകൾ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ സൂക്ഷിക്കേണ്ടതും തനതു വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു സ്രോതസ്സായ കെട്ടിടനികുതി കുടിശ്ശിക സഹിതം ഈടാക്കേണ്ടതുമാണ്. പഞ്ചായത്തിനു ലഭിക്കേണ്ട ഏതൊരു നികുതിയും ഡിമാന്റ് ചെയ്യാത്തിടത്തോളം മൂന്നു വർഷത്തിനു ശേഷം ഈടാക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയതിൻമേലുണ്ടാകുന്ന നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായിത്തീരുന്നതാണ്.

## 2-5 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കാനുള്ള നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്

ഓഡിറ്റിന് ലഭ്യമാക്കിയ പെർമിറ്റ് രേഖകൾ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിൽ 2014-15 സാമ്പത്തിക വർഷത്തിൽ ഇൻഡസ് ടവർ ലിമിറ്റഡിന്റെ (തൃത്താല വില്ലേജ്, സർവേ നം. 225/09) ഒരു മൊബൈൽ ടവറിന് 24.10.14-ാം തിയതി പെർമിറ്റ് നൽകിയിട്ടുണ്ട് (23.10.16 വരെ പെർമിറ്റ് പതുക്കി നൽകുകയിട്ടുണ്ട്). പഞ്ചായത്തുകളിൽ നിലവിലുള്ള മൊബൈൽ ടവ്വറുകളടെ എണ്ണം, അനധികൃതമായി പ്രവർത്തിക്കുന്ന ടവ്വറുകൾ, ആയത് നീക്കം ചെയ്യാൻ സ്വീകരിച്ച നടപടികൾ, ഈടാക്കിയ വസ്തുനികുതി എന്നിവ സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻകചയറി നം. 8/21.07.16-ന് നൽകിയ മറുപടിയിൽ നാളിതുവരെയായി മൊബൈൽ ടവറുകളുടെ വസ്തു നികുതി നിർണ്ണയിച്ചതായി കാണുന്നില്ല എന്നാണ് അറിയിച്ചിരിക്കുന്നത്. മറുപടിയിൽ നിന്നും ലഭ്യമായ വിവരങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | പെർമിറ്റ് നം/ തിയതി | ടവർ നടത്തുന്ന ഏജൻസിയുടെ പേര് |
|---|---|---|
| 1 | 7/2007-08/ 21.07.07 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് |
| 2 | 8/2007-08/ 21.07.07 | റിലയൻസ് കമ്മ്യൂണിക്കേഷൻ ലിമിറ്റഡ് |
| 3 | 17/2007-08/01.10.07 | ബി.എസ്.എൻ.എൽ |
| 4 | 31/2007-08/23.10.07 | വോഡാഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് |
| 5 | 37/2007-08/31.10.07 | ഐഡിയ കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് |
| 6 | 117/14/24.10.14 | ഇൻഡസ് ടവർ |
| 7 | 91/2009/20.02.09 | ഇൻഡസ് ടവേഴ്സ് ലിമിറ്റഡ് |
| 8 | 93/2009/20.02.09 | വയർലസ്സ് റ്റി.റ്റി. ഇൻഫോ സർവ്വീസ് ലിമിറ്റഡ് |
| 9 | 119/09/12.03.09 | ഡിഷ് നെറ്റ് വയർലസ്സ് ലിമിറ്റഡ് |
| 10 | 147/10/18.07.10 | ബി.എസ്.എൻ.എൽ |
| 11 | 152/2008-09/4.12.08 | റിലയൻസ് ഇൻഫ്രാടെൽ ലിമിറ്റഡ് |

പഞ്ചായത്തിലുള്ള ടവറുകൾ സംബന്ധിച്ച് വ്യക്തമായ വിവരങ്ങൾ സൂക്ഷിക്കേണ്ടതും ബി.എസ്.എൻ.എൽ. ഉൾപ്പടെയുള്ള മൊബൈൽ ടവറുകളുടെ വസ്തു നികുതി പുനർനിർണ്ണയിച്ച് ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. കൂടാതെ, 19-10-2014-ലെ 40395/ആർ.സി2/2014/തസ്വഭവ നമ്പർ സർക്കുലറിലെ നിർദ്ദേശാനുസരണം അനധികൃത മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നില്ലെന്ന് ഉറപ്പു വരുത്തുകയും ചെയ്യേണ്ടതാണ്. പഞ്ചായത്തിനു ലഭിക്കേണ്ട ഏതൊരു നികുതിയും ഡിമാന്റ് ചെയ്യാത്തിടത്തോളം മൂന്നു വർഷത്തിനു ശേഷം ഈടാക്കാൻ വ്യവസ്ഥയില്ലാത്തതിനാൽ ആയതിൻമേലുണ്ടാകുന്ന നഷ്ടം സെക്രട്ടറിയുടെ ബാധ്യതയായിത്തീരുന്നതാണ്.

## 2-6 ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ പൂർണ്ണമല്ല

ബിൽഡിംഗ് പെർമിറ്റ് അപേക്ഷകളുമായി ബന്ധപ്പെട്ട മുഴുവൻ വിവരങ്ങളും രജിസ്റ്ററിൽ കൃത്യമായി രേഖപ്പെടുത്തിയിട്ടില്ല. പല അപേക്ഷകർക്കും പെർമിറ്റ് നൽകിയതിന്റെയും ഫീസ് ഈടാക്കിയതിന്റെയും വിശദാംശം, കെട്ടിടത്തിന്റെ തരം, പണി പൂർത്തിയായതിന്റെയും നികുതി നിർണ്ണയിച്ചതിന്റെയും വിവരം തുടങ്ങിയവ രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. അതുകൊണ്ടുതന്നെ താഴെപ്പറയുന്ന വ്യക്തികൾക്ക് കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് അനുവദിച്ചതാണോ നിരസിച്ചതാണോ എന്ന് വ്യക്തമല്ല.

| ക്രമ നം. | പേര്,മേൽവിലാസം | ഫ്ലോർ ഏരിയ (ച.മീ) | കെട്ടിടത്തിന്റെ തരം |
|---|---|---|---|
| 1 | മൊയ്തീൻ പി, പാറപ്പൊടി(H) മാരായമംഗലം | 213.88 | രേഖപ്പെടുത്തിയിട്ടില്ല |
| 2 | അസൈനാർ, കടുമുടിയിൽ | 257.66 | കമ്മേഴ്സ്യൽ |
| 3 | വീരാൻകുട്ടി, മേലേതിൽ, | 184.57 | രേഖപ്പെടുത്തിയിട്ടില്ല |

| | | | |
|---|---|---|---|
| | ഇരിമ്പാലശ്ശേരി | | |

ബിൽഡിംഗ് പെർമിറ്റ് രജിസ്റ്ററിൽ മുഴുവൻ വിവരങ്ങളും വ്യക്തമായി രേഖപ്പെടുത്തേണ്ടതും മേൽപ്പറഞ്ഞ വ്യക്തികൾക്ക് പെർമിറ്റ് അനുവദിച്ചിട്ടുണ്ടെങ്കിൽ പെർമിറ്റ് ഫീസ് ഈടാക്കി രേഖകൾ ലഭ്യമാക്കേണ്ടതുമാണ്. ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി (നം.13/14.07.16 ) യ്ക്ക്, ക്രമ നം. 2,3 എന്നിവർ യഥാക്രമം രശീത് നം. 11401103399/27.09.14, 11401103886/21.10.14 പ്രകാരം പെർമിറ്റ് ഫീസ് അടച്ചിട്ടുണ്ടെന്നും ക്രമ നം 1 പെർമിറ്റ് ഫീസ് അടച്ചതായി കാണുന്നില്ല എന്നുമാണ്.

## 2-7 ലൈസൻസ് ഇല്ലാതെ ലൈവ് സ്റ്റോക്ക് ഫാമുകൾ പ്രവർത്തിക്കുന്നു

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്വകാര്യ ഫാമുകൾക്ക് 2012 ലെ കേരളാ പഞ്ചായത്ത് രാജ് (ലൈവ് സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നല്കൽ) ചട്ടങ്ങളിലെ ചട്ടം 7(2) പ്രകാരം ഫോറം നമ്പർ 3 ൽ ലൈവ് സ്റ്റോക്ക് ഫാം നടത്തുന്നതിനുള്ള ലൈസൻസ് ആവശ്യമാണ്. 2014-15 ൽ ഡി&ഒ ലൈസൻസ് നല്കിയ താഴെപ്പറയുന്ന സ്ഥാപനങ്ങൾക്ക് മേൽ ചട്ടപ്രകാരം ലൈസൻസ് നൽകിയിട്ടില്ല.

| പേര്,മേൽവിലാസം | ഡി & ഒ രജിസ്റ്റർ ക്രമ നം | ഡി & ഒ ലൈസൻസ് ഫീ റസീപ്റ്റ് നം |
|---|---|---|
| അബ്ദുൾമജീദ് സി പി ബ്രദേഴ്സ് പൗൾട്രി ഫാം പേങ്ങാട്ടിരി | 13 | 11401100339/26.04.14 |
| അസൈനാർ, കടുമുടിയിൽ | 107 | 11401103879/21.10.14 |
| ഉസ്മാൻ മദീന പൗൾട്രി ഫാം | 124 | 11401106982/13.02.15 |

| | | |
|---|---|---|
| മലയിൽ താഴത്തേതിൽ<br><br>നെല്ലായ | | |

മേൽപ്പറഞ്ഞ അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതും തുടർ വർഷങ്ങളിൽ ഇത് ആവർത്തിക്കാതിരിക്കുന്നതിനും പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം -3

# ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കടത്തുകൂലി അധികം നൽകിയത് തിരികെ അടവാക്കേണ്ടതാണ്

2014-15 വർഷത്തിൽ നെല്ലായ ഗ്രാമ പഞ്ചായത്തിൽപ്പെട്ട അംഗൻവാടികളിൽ പോഷകാഹാരം വിതരണത്തിനായി ക്വട്ടേഷൻ 22.09.14 ന് ക്ഷണിക്കുകയും 01.10.14 ന് ഏറ്റവും കുറവ് നിരക്ക് രേഖപ്പെടുത്തിയ അമൃതം കുടുംബശ്രീ യുണിറ്റ്, വല്ലപ്പുഴ എന്ന സ്ഥാപനത്തിന്റെ ക്വട്ടേഷൻ (കി.ഗ്രാമിന്.1.50 രൂപ) അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ 4/2014 മുതൽ 09/2014 വരെയുള്ള മാസങ്ങളിൽ പോഷകാഹാര വിതരണം നടത്തിയതിന് കി.ഗ്രാമിന് 1.50 രൂപ നിരക്കിൽ കടത്തുകൂലിയായി നൽകിയിട്ടുണ്ട്. ക്വട്ടേഷൻ നിരക്ക് നിലവിലില്ലാത്ത മാസങ്ങളിൽ നൽകിയ ഉയർന്ന നിരക്കിലുള്ള കടത്തുകൂലി തിരികെ ഈടാക്കേണ്ടതാണ്. (2013-14 വർഷത്തിൽ മേൽ സ്ഥാപനം കടത്തുകൂലി 1 രൂപ നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്തിട്ടുണ്ട്)

വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

പ്രൊജക്ട് നം.14/14-15 അംഗൻവാടി അനുപൂരക പോഷകാഹാരം (ജനറൽ) അടങ്കൽ – 270000

| ട്രഷറി ബിൽ നം/ തിയതി/ തുക | അമൃതം ഫുഡ് കുടുംബശ്രീ യൂണിറ്റ് ബിൽ നം. | വിതരണം ചെയ്ത സാധനങ്ങളുടെ തൂക്കം (കി.ഗ്രാം) | നൽകിയ കടത്തുകൂലി | നൽകാവുന്ന തുക | അധികം നൽകിയത് |
|---|---|---|---|---|---|
| 1/14-15/ 16.08.14. 368253 | 110/19.05.14 | 3875 | 5812 | 3875 | 1937 |
| | 118/19.06.14 | 2906 | 4359 | 2906 | 1453 |
| 7/14-15 16.10.14. 324685 | 127/28.7.14 | 1029 | 1543 | 1029 | 514 |
| | 126/23.6.14 | 1395 | 2092 | 1395 | 697 |
| | 136/18.8.14 | 1158 | 1737 | 1158 | 579 |
| | 143/22.9.14 | 1023 | 1534 | 1023 | 511 |
| 8/30.10.14 198275 | 144/22.9.14 | 3043 | 4390 | 3043 | 1347 |
| ആകെ | | | | | 7038 |

ഇതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 12/14.07.16 ക്ക് ലഭ്യമാക്കിയ മറുപടിയിൽ തുക തിരിച്ചടക്കുന്നതിന് സാവകാശം തരണമെന്ന് അറിയിച്ചിട്ടുണ്ട്. വ്യക്തമായ മറുപടി ലഭ്യമാക്കാത്ത സാഹചര്യത്തിൽ അധികം നൽകിയ തുക 7038/- രൂ നിരാകരിക്കുന്നു.

## 3-2 ആർജ്ജിതാവധി സറണ്ടർ, അനുവദനീയമായധിലധികം ആനുകൂല്യം നൽകി

ഗ്രാമപഞ്ചായത്തിലെ ടെക്നിക്കൽ അസിസ്റ്റന്റായ ശ്രീ.എൻ.പി. ശ്രീജിത്തിന് 2014-15 സാമ്പത്തിക വർഷത്തിൽ 20 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ ആനുകൂല്യം നൽകിയിട്ടുണ്ട്. ( വൗച്ചർ നമ്പർ 21400862 / 31.03.2015) എന്നാൽ GO(P) 47/2006 Fin Dt.30.1.2006 പ്രകാരം കരാർ ജീവനക്കാർക്ക് 15 ദിവസം മാത്രമേ ആർജ്ജിതാവധി സറണ്ടർ ചെയ്യാൻ കഴിയുകയുള്ളൂ. പ്രതിമാസം 13500 രൂപ നിരക്കിലാണ് നിയമനം നടത്തിയിട്ടുള്ളത്. മേൽ നിരക്കിൽ 15 ദിവസത്തെ ആർജ്ജിതാവധി സറണ്ടർ തുക 6750/- രൂപ മാത്രമാണ്. അധികം നൽകിയ 2250/- രൂപ (9000- 6750 = 2250 ) തിരികെ ഈടാക്കേണ്ടതാണ്. ഓഡിറ്റ് എൻക്വയറി നമ്പർ -09/ 16 തീയ്യതി 13.07.2016)

## 3-3 പഞ്ചായത്തിന്റെ ഉടമസ്ഥതയിലല്ലാത്ത വായനശാലയ്ക്ക് കെട്ടിടം നിർമ്മിച്ചുനൽകിയത് അനുവദിക്കുന്നില്ല

പ്രൊജക്റ്റിന്റെ പേര് : പൊൻമുഖം വായനശാല റിപ്പയർ

പ്രൊജക്റ്റ് നം : 152/14, 34/15

അടങ്കൽ : 420000(വികസന ഫണ്ട്)

ചെലവ് : 420000

ബിൽ നം : 31\14-15\31.12.2014
നിർവ്വഹണം – എൻ. രാജാമണി, അസി. എഞ്ചിനീയർ

പഞ്ചായത്തിന് ഉടമസ്ഥത കൈവരിക്കുകയോ, സ്ഥലം റിലിങ്കിഷ് ചെയ്യുകയോ ചെയ്യാത്തതും സ്വകാര്യ വ്യക്തിയുടെ കൈവശമുള്ളതുമായ വായനശാല കെട്ടിടം പൊളിച്ചുമാറ്റി 420000 രൂപ പദ്ധതി ഫണ്ട് ഉപയോഗിച്ച് പുതിയ കെട്ടിടം നിർമ്മിച്ചു നൽകിയിട്ടുണ്ട്. ജി.ഒ.(എം.എസ്)362/ 2013 തസ്വഭവ 16.11.2013പുതുക്കിയ പദ്ധതി മാർഗ്ഗരേഖ പ്രകാരം പഞ്ചായത്തിന്റേതല്ലാത്ത വായനശാലാ കെട്ടിടങ്ങൾ

ഗ്രാമ പഞ്ചായത്തിന് ഏറ്റെടുത്ത് നടപ്പിലാക്കാൻ അനുവാദമില്ല എന്നിരിക്കെ ഇവ നിർമ്മിച്ചു നൽകിയ നടപടി ക്രമപ്രകാരമല്ല. ഇതു സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 14.07.2016ന് നം. 14 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക 420000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4 എസ്സ്.സി.പി ഫണ്ട് ഉപയോഗിച്ചുള്ള റോഡ് കോൺക്രീറ്റിംഗ് പ്രവൃത്തി കോളനിക്കു പുറത്തു് നിർവ്വഹിച്ചത് ക്രമപ്രകാരമല്ല

പ്രൊജക്റ്റിന്റെ പേര് : മാണിയം പാറ റോഡ് കോൺക്രീറ്റിംഗ്

പ്രൊജക്റ്റ് നം : 165/15(SCP)

അടങ്കൽ : 150000

ചെലവ് : 150000

ബിൽ നം : 68\14-15\27.3.2015

എം.ബുക്ക് നം. : 79/14-15

കൺവീനർ :വാസുദേവൻ
നിർവ്വഹണം – എൻ. രാജാമണി, അസി. എഞ്ചിനീയർ

എസ്സ്.സി.പി ഫണ്ട് ഉപയോഗിച്ചുള്ള നിർമ്മാണ പ്രവൃത്തികൾ കോളനിക്ക് അകത്തു മാത്രമേ നിർവ്വഹിക്കാൻ പാടുള്ളൂ എന്ന് ജി.ഒ.(എം.എസ്)362/ 2013 തസ്വഭവ 16.11.2013 പുതുക്കിയ പദ്ധതി മാർഗ്ഗരേഖയിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ മേൽ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത് കോളനിക്കു പുറത്തുള്ളതും ജനറൽ വിഭാഗക്കാർ താമസിക്കുന്നതുമായ സ്ഥലത്താണ് എന്ന് എൽ.എസ്.ജി.ഡി ഓവർസീയറുടെ സാന്നിധ്യത്തിൽ 14.07.2016 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ ബോധ്യമായിട്ടുണ്ട്. മേൽ പ്രവൃത്തി sc ഫണ്ടിന്റെ ദുരുപയോഗമായി

വിലയിരുത്തുന്നു. ഇതു സംബന്ധിച്ച വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് 14.07.2016ന് നം. 14 പ്രകാരം നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല. ഈ സാഹചര്യത്തിൽ ചെലവു തുക 150000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-5 കുടിവെള്ള പദ്ധതികളിലെ പഴയ മോട്ടോർ മാറ്റി പുതിയ മോട്ടോർ സ്ഥാപിച്ചപ്പോൾ പഴയ മോട്ടോറും അനുബന്ധ ഉപകരണങ്ങളും പഞ്ചായത്തിൽ തിരികെ ഏല്പിച്ചിട്ടില്ല

താഴെ പറയുന്ന കുടിവെള്ള പദ്ധതികൾക്കായി സ്ഥാപിച്ച 5 എച്ച്.പി. മോട്ടോറുകൾ നിലവിൽ പ്രവർത്തനക്ഷമമല്ലാത്തതിനാൽ അവ മാറ്റുന്നതിനായും പുതിയ മോട്ടോറുകൾ സ്ഥാപിക്കുന്നതിനു വേണ്ടിയും പദ്ധതി ഫണ്ടിൽ നിന്നും തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പഴയ മോട്ടോറുകൾ പഞ്ചായത്തിൽ തിരികെ ഏല്പിച്ചിട്ടില്ല. വിശദവിവരം താഴെ കൊടുക്കുന്നു.

1. **<u>മേലേതിൽ കോളനി കുടിവെള്ള പദ്ധതി</u>**

പ്രൊജക്റ്റ് നം -153\15

അടങ്കൽ -100000

ചെലവ് -99703

ബിൽ നം -77\14-15\30.03.2015

2. **<u>ചെമ്മംകുഴി കുടിവെള്ളം മോട്ടോർ റിപ്പയർ</u>**

പ്രൊജക്റ്റ് നം -255\15(SCP)

അടങ്കൽ -100000

ചെലവ് -100000

ബിൽ നം -84\14-15\31.03.2015

ഇവയുടെ നിജസ്ഥിതി പരിശോധിക്കുന്നതിനായി എൽ.എസ്.ജി.ഡി ഓവർസീയറുടെ സാന്നിധ്യത്തിൽ 14.07.2016 ന് നടത്തിയ പ്രാദേശിക പരിശോധനയിൽ മേലേതിൽ കോളനി കുടിവെള്ള പദ്ധതിയിലെ കേടുവന്ന 5HP മോട്ടോറും 6മീറ്റർ നീളമുള്ള 9 GI പൈപ്പുകളും സമീപത്തുള്ള സെയ്ത്തലവി എന്നയാളുടെ വീട്ടിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തി.

ചെമ്മംകുഴി കുടിവെള്ള പദ്ധതിയിലെ മോട്ടോർ ഷെഡ്ഡ് പരിശോധിച്ചതിൽ 5 HP മോട്ടോർ 2 എണ്ണം ഷെഡ്ഡിൽ സൂക്ഷിച്ചിട്ടുള്ളതായി കണ്ടെത്തി. നീക്കം ചെയ്യപ്പെട്ട മോട്ടോറുകളും പൈപ്പുകളും പഞ്ചായത്തിൽ തിരികെ ഏല്പിക്കേണ്ടതും ഉപയോഗപ്പെടുത്താൻ കഴിയാത്തപക്ഷം നിയമാനുസൃതമായ നടപടികളിലൂടെ ലേലം ചെയ്ത് തുക പഞ്ചായത്തു ഫണ്ടിൽ മുതൽക്കൂട്ടേണ്ടതുമാണ്. ഇതു സംബന്ധിച്ച് 13.07.2016ന് നം. 4 പ്രകാരം നൽകിയ ഓഡിറ്റ്

അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 3-6 മഠത്തിൻപടി കുടിവെള്ള പദ്ധതിയിലെ പഴയമോട്ടോറും മോട്ടോർഷെഡ്ഡും പ്രയോജനപ്പെടുത്തിയില്ല

പ്രൊജക്റ്റ് നം- 64\15(SCP)

അടങ്കൽ -178021

ചെലവ് -178021

ബിൽ നം- 32\14-15\31.12.2014

മേൽ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ നിലവിലുള്ള കുടിവെള്ള പദ്ധതിയിൽ നിന്നും വെള്ളം ലഭിക്കാത്തതിനാൽ മോട്ടോറും മോട്ടോർഷെഡ്ഡും ഉപയോഗശൂന്യമായി കിടക്കുന്നു എന്നും ആയതിനാൽ പുതിയ പദ്ധതി ആവശ്യമാണെന്നും രേഖപ്പെടുത്തി പ്രൊജക്റ്റ് ആവിഷ്ക്കരിക്കുകയും 2 HP മോട്ടോറിനു് 36270 രൂപയും മോട്ടോർ ഷെഡ്ഡിന് 25000 രൂപയും മറ്റു ചെലവുകളും ചേർത്ത് 178021 രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ പഴയ മോട്ടോറും മോട്ടോർ ഷെഡ്ഡും പ്രയോജനപ്പെടുത്താനുള്ള നടപടികൾ പഞ്ചായത്ത് സ്വീകരിച്ചിട്ടില്ല.

# ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രൊജക്കുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 155409 | സമൃദ്ധി | 155409 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 175000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 175000 | 0 |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഒന്നുമില്ല

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഒന്നുമില്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഒന്നുമില്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഒന്നുമില്ല

## 4-6 ഓഡിറ്റ് റിക്കവറി

ഒന്നുമില്ല

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഒന്നുമില്ല

## 4-8 ഓഡിറ്റ് പ്രത്യവലോകനം

### (എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 86335102 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 66039776 |
| വരവിനങ്ങളിലുള്ള നഷ്ടം | 552 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 9288 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 570000 |

### (ബി). <u>പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം</u>

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും | |
|---|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | | |
| 2-1 | 552 | | എസ്.സുബ്രഹ്മണ്യൻ, സെക്രട്ടറി | 230രൂപ |
| | | | എൻ.പി. രാജു, സെക്രട്ടറി | 138രൂപ |

| | | | | |
|---|---|---|---|---|
| | | | ടി.എ.അരവിന്ദാക്ഷൻ, സെക്രട്ടറി | 138രൂപ |
| | | | കെ. മിനി, സെക്രട്ടറി | 46 രൂപ |
| | | | **ആകെ** | **552രൂപ** |
| 3-1 | | 7038 | പി.വി. മീര,<br><br>ഐ സി ഡി എസ് സൂപ്പർവൈസർ | |
| 3-2 | | 2250 | ബിന്ദു. വി സെക്രട്ടറി (I/C) | |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-3 | 420000 | എൻ രാജാമണി അസി. എഞ്ചിനീയർ |
| 3-4 | 150000 | എൻ രാജാമണി അസി. എഞ്ചിനീയർ |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഒന്നുമില്ല.

(ഡി) <u>**നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**</u>

ഒന്നുമില്ല

(ഇ)<u>**റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ**</u>

| ക്രമ നം. | പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|---|
| 1 | എസ്.സുബ്രഹ്മണ്യൻ സെക്രട്ടറി | സെക്രട്ടറി പൊൽപ്പുള്ളി ഗ്രാമപഞ്ചായത്ത് | ഭാമാ നിവാസ് ആലത്തൂർ പി ഒ പാലക്കാട്–678544 |
| 2 | രാജു എൻ പി സെക്രട്ടറി (I/C) | ജൂനിയർ സൂപ്രണ്ട് വരന്തിരപ്പിള്ളി ഗ്രാമപഞ്ചായത്ത് തൃശ്ശൂർ | ഞെരഞ്ഞപ്പിള്ളി ഹൗസ് ഇഞ്ചക്കുണ്ട് പി ഒ തൃശ്ശൂർ |

| | | | |
|---|---|---|---|
| 3 | അരവിന്ദാക്ഷൻ.ടി.എ<br>സെക്രട്ടറി<br>(അഡീഷണൽ<br>ചാർജ്) | വിരമിച്ചു | താണിപ്പറമ്പിൽ<br>ഹൗസ്,<br>മറ്റത്തൂർ പി ഒ<br>തൃശ്ശൂർ |
| 4 | മിനി.കെ.<br>സെക്രട്ടറി<br>(അഡീഷണൽ<br>ചാർജ്ജ്) | വിരമിച്ചു | നിസരി<br>വെളിയംപറമ്പത്ത്<br>തെക്കേമഠം,<br>അളഗപ്പനഗർ<br>തൃശ്ശൂർ |
| 5 | പി.വി. മീര<br><br>ഐ സി ഡി എസ്<br>സൂപ്പർവൈസർ | നെല്ലായ<br>ഗ്രാമപഞ്ചായത്ത് | മരക്കൻതൊടി<br>വീട്<br>തൃക്കടീരി പി ഒ<br>പാലക്കാട്-679502 |
| 6 | ബിന്ദു വി<br>സെക്രട്ടറി(I/C) | അസിസ്റ്റന്റ്<br>സെക്രട്ടറി<br>വിളവൂർക്കൽ<br>ഗ്രാമപഞ്ചായത്ത്<br>തിരുവനന്തപുരം | നീലാംബരി<br>പൂജപ്പുര (പി ഒ)<br>തിരുവനന്തപുരം |

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1998-99 | LF.P13.596/08/21-2-09 |
| 1999-00 | LF.P13.597/08/21-2-09 |
| 2000-01 | LF.P13.598/08/21-2-09 |
| 2001-02 | LF.P13.599/08/21-2-09 |
| 2002-03 | LF.P13.600/08/21-2-09 |
| 2003-04 | LF.P13.601/08/21-2-09 |
| 2004-05 | LF.P13.1003/09/5-12-09 |
| 2005-06 | LF.P13.695(2)/12/8-5-12 |
| 2006-07 | LF.P13.177/11/7-3-11 |
| 2007-08 | LF.P13.695(4)/12/16.3.12 |
| 2008-09 | LF.P16/952/13/7-4-14 |
| 2009-10 | |

| | |
|---|---|
| 2010-11 | |
| 2011-12 | LF.P16.1967/14/4-12-2014 |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
പാലക്കാട്